(ഡി) മൂന്ന്.

(ഇ) ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറെ പിരിച്ചുവിട്ട സംഭവം

46 [3451] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ടെൽക്കിൽ അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസറായിരുന്ന ശ്രീ. ഇമ്മാനുവലിനെ ജോലിയിൽനിന്ന് പിരിച്ചുവിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിരിച്ചുവിടലിന് പറഞ്ഞ രണ്ടു കാരണങ്ങളും അവാസ്തവമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാറടിസ്ഥാനത്തിൽ മാത്രം നിയമിക്കപ്പെട്ടിട്ടുള്ള എ. എസ്. ഒ.-യും എസ്. ഒ.-യും ശ്രീ. ഇമ്മാനുവലിന് എതിരെ എടുത്ത നടപടികളെപ്പറ്റി മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടുണ്ടോ;

(ഡി) ശ്രീ. ഇമ്മാനുവലിനെ പിരിച്ചുവിട്ട നടപടി ശരിയല്ല എന്ന് കോടതി വിധി ഉണ്ടായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിരിച്ചുവിടലിന് പറഞ്ഞ രണ്ട് കാരണങ്ങളും ഗാർഹിക അന്വേഷണത്തിൽ തെളിയിക്കപ്പെട്ടതും വാസ്തവവുമാണ്.

(സി) കേസിനാസ്പദമായ സംഭവം നടക്കുമ്പോൾ സെക്യൂരിറ്റി ഓഫീസർ (എസ്. ഒ.) എന്ന തസ്തികയിൽ ആൾ ഇല്ലായിരുന്നു. ശ്രീ. ഇമ്മാനുവൽ ഉൾപ്പെടെ രണ്ട് എ. എസ്. ഒ.-മാരാണ് ഉണ്ടായിരുന്നത്.

(ഡി) റിട്ട് അപ്പീൽ (നമ്പർ 2079/2001) കേസിൽ കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച്, ശ്രീ. ഇമ്മാനുവൽ കുറ്റക്കാരനാണെന്ന ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ ശരിയാണെന്നുള്ള ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ അവാർഡ് ശരിവയ്ക്കുകയുണ്ടായി.

കരമണൽ ഖനനം നടത്തുന്ന മാഫിയകൾ

47 [3452] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പല ഭാഗത്തും കരമണൽ ഖനനം വൻതോതിൽ നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ നിബന്ധനകളേയും മറികടന്നുകൊണ്ട് കരമണൽ ഖനനം നടത്തുന്ന മാഫിയകൾ ശക്തി പ്രാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയാൻ നടപടി സ്വീകരിക്കുമോ;

(സി) വൈക്കം താലൂക്കിലെ ഉദയനാപുരം, വള്ളൂർ പഞ്ചായത്തുകളിൽ കരമണൽഖനനംമൂലം കിണറുകൾ താഴുന്നതും വീടുകൾ അപകടസ്ഥിതിയിലാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ലാഭക്കൊതിമൂലം ഭൂമിക്കുമേൽ നടത്തുന്ന ഇത്തരം കയ്യേറ്റങ്ങൾ തടയാൻ ഉചിതമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1967-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കരമണൽ ഖനനം ചെയ്യുന്നതിനു മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുവാദം നൽകിവരുന്നത്. അതുപ്രകാരമാണ് ഖനനം നടത്തുന്നത്.

(ബി) ഇല്ല. ചട്ടങ്ങൾ ലംഘിച്ചുള്ള ഖനന പ്രവർത്തനം ശ്രദ്ധയിൽപ്പെടുമ്പോൾ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) ഈ പ്രദേശങ്ങളിൽ കരയിലെ പാലിയോ ചാനലുകളിൽ ലഭ്യമായ സാധാരണ മണൽ ഖനനം ചെയ്യുവാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും നിയമാനുസൃതമായി പെർമിറ്റുകൾ നൽകിയിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ ഉദയനാപുരം, വള്ളൂർ പഞ്ചായത്തുകളിലെ പ്രസ്തുത ഖനന പ്രവർത്തനങ്ങൾ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സ്റ്റേ ചെയ്തിട്ടുണ്ട്.

(ഡി) കേന്ദ്ര നിയമത്തിനനുസൃതമായി സംസ്ഥാന സർക്കാർ പാസ്സാക്കിയിട്ടുള്ള 1967-ലെ കെ. എം. എം. സി. റൂൾസ് അനധികൃത ഖനനം നിയന്ത്രിക്കാൻ പര്യാപ്തമാണ്.

ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ വ്യാപകമായ
ക്യാൻസർ രോഗം

48 [3453] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയുടെ തീരപ്രദേശങ്ങളിൽ ക്യാൻസർ രോഗം വ്യാപകമായി വരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള രോഗബാധയ്ക്ക് കാരണം തീരപ്രദേശത്ത് അടിഞ്ഞുകൂടുന്ന കരിമണലിൽ നിന്നുള്ള അണുപ്രസരണമാണെന്ന് തദ്ദേശവാസികൾ ഭയപ്പെടുന്നതായ എന്തെങ്കിലും വിവരം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly